# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- ഡോ. സൂരജ്.എസ്, ജൂനിയർ കൺസൽട്ടന്റ്, ജനറൽ മെഡിസിൻ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.**മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസറുടെ കത്ത് നം. **DMOH-MLPM/7280/2025-A1** തീയതി **01.08.2025**
**2.**കാരണം കാണിക്കൽ നോട്ടീസ് നം.ഇ.ബി **1-20392/2025/**ആ.വ.ഡ തീയതി: **25.09.2025**

**ഉത്തരവ് നം: ഇ.ബി2-20392/2025/ആ.വ.ഡ തീയതി: 30-12-2025**

കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയിരുന്ന ഡോ. സൂരജ്.എസ് **16.08.2021** മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി പരാമർശം **(1)** പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താല്ക്കാലികമായി തീരുമാനിച്ച് പരാമർശം **(2)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ടി തീരുമാനത്തിന് എതിരായി ടിയാന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെകിൽ ആയത് നോട്ടീസ് ലഭിച്ചു **15** ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നോട്ടീസിന് ടിയാൻ മറുപടി സമർപ്പിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ **1958** ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ലെ **Part II 19 (a) (ii)** പ്രകാരം പ്രൊബേഷണറായ ഡോ. സൂരജ്.എസ്-ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ

ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 30-12-2025 17:10:43
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

**Dr. Sooraj.S, Sisiram, Pottore P O, Thrissur - 680581**

പകർപ്പ്:-

1. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
2..ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), മലപ്പുറം
3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4. ഫയൽ/ കരുതൽ ഫയൽ.